Friday, *the* *9th August 1946* / *24th Karkadagam 1121*

The Council met in the Council Hall, at half past Eleven of the Clock with the Hon'ble Diwan President (Sir George Boag, K.C.I.E., C.S.I.) in the Chair.

Rao Bahadur T. S. Narayana Ayyar and Messrs. P. Govinda Menon, P. Sankara Menon, C. N. Ittiravi Nambudiri, P. V. Sebastian, P. E. Warne and K. I. Velayudhan were absent.

I. QUESTIONS AND ANSWERS

LEPER HOSPITAL, ADOOR

248. മിസ്റ്റർ കെ. എസ്സ്. പണിക്കർ:—താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ട് ദയവായി പറപടി പറയുമോ.—

(എ) അഡൂർ കുഷ്ഠരോഗാസ്പത്രിയിലെ രോഗികൾക്ക്, മണിഓർഡറുകൾ, കത്തുകൾ മുതലായവ അഞ്ചൽവഴിയൊ പോസ്റ്റൽവഴിയൊ ചെന്നാൽ ആയതു അതാതു രോഗികൾക്ക അഞ്ചൽ ശിപായിമാരും തപാൽ ശിപായിമാരും നേരിട്ടാണൊ കെടുക്കുന്നതു";

(ബി) അങ്ങിനെയല്ലെങ്കിൽപിന്നെ ഏതുതരത്തിലാണ് ഇപ്പോൾ കൊടുത്തുവരുന്നതു";

(സി) തങ്ങൾക്കയച്ച പണവും കത്തുകളും കിട്ടിയിട്ടില്ലെന്ന പ്രകാരം എത്ര ആക്ഷേപങ്ങൾ അവിടത്തെ രോഗികളിൽനിന്നും ഗവമ്മെണ്ടിലേക്ക് ഇതുവരെ കിട്ടീട്ടുണ്ട്";

(സി) അതിനെസംബന്ധിച്ചു ഗവമ്മെണ്ട് വല്ല അന്വേഷണവും നടത്തിയൊ;

(ഇ) നടത്തിയെങ്കിൽ ആരാണ് അന്വേഷണം നടത്തിയതെന്നും ആക്ഷേപത്തിന്റെ സ്വഭാവമെന്തെല്ലാമെന്നും അന്വേഷണഫലം എന്താണെന്നും പറയാമോ;

(എഫ്) രോഗികൾ അയക്കുന്ന കത്തുകൾ എല്ലാം ആസ്പത്രി ഭരണക്കാർ പൊളിച്ചു വായിച്ചിട്ടല്ലെ അയക്കുന്നതു";

(ജി) അവരുടെ ഭരണവൈകല്യങ്ങളെ സംബന്ധിച്ചു എഴുതുന്ന കത്തുകൾ അവർ അയക്കാതെ നശിപ്പിച്ചു കളയുന്നതായി ഗവമ്മെണ്ടിന്നറിയാമോ?

റാവുസാഹിബ്ബ് സി. ജെ. മാത്യു:—

(എ) & (ബി) കത്തുകൾ തപാലാപ്പീസ്സിൽനിന്നും അഞ്ചലാപ്പീസ്സിൽനിന്നും ഒരുപൂട്ടിയ സഞ്ചിയിൽ ആസ്പത്രിക്കു കൊടുക്കുന്നു. അവിടെവെച്ചു കത്തുകൾ അതാതു രോഗികൾക്കു കൊടുക്കപ്പെടുന്നു. തപാൽ ശിപായിമാർ മണിഓഡറുകൾ രോഗികൾക്കു നേരിട്ടുകൊടുക്കുന്നു. അഞ്ചൽ മണിആർഡറുകൾ രോഗികളെ ആഫീസ്സിൽ വരുത്തി അവിടെവെച്ചാണു കൊടുക്കുന്നതു.

(സി), (ഡി) & (ഇ) ഗവമ്മെണ്ടിലേക്കു ഇതിനെപ്പറ്റി യാതൊരാക്ഷേപവും കിട്ടീട്ടില്ല—ആസ്പത്രി അധികാരികളുടെ അടുത്തുണ്ടായ ഒരു ആക്ഷേപത്തെപ്പറ്റി ഒരു "Jacobite Priest" അന്വേഷണം നടത്തി. അതു തെറ്റാണെന്നു ബോദ്ധ്യപ്പെട്ടുകയും ചെയ്തു.

(എഫ്) അല്ല.

(ജി) ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തപാൽ ശിപായിമാർ മണിഓർഡർ രോഗികൾക്കു കൊടുക്കുന്നതു നേരിട്ടാണെന്നും അഞ്ചൽ ശിപായിമാർ മണിഓർഡർ ആഫീസ്സിൽവെച്ചാണു കൊടുക്കുന്നതെന്നും പറഞ്ഞു. ഈ ആഫീസ്സ് എന്നു പറഞ്ഞതേതാണു? ആരാണു അവിടെവെച്ചുകൊടുക്കുന്നതു?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അഞ്ചൽ ആഫീസ്സിൽനിന്നു ചെയ്തിട്ടുള്ള അറേൻജ്മെൻറപ്രകാരം രോഗികളെ ആഫീസ്സിൽ വരുത്തി ശിപായിമാർ നേരിട്ടാണു കൊടുക്കുന്നതു. ലെപ്രസി ആഫീസ്സാണ് ആഫീസ്സെന്നു പറഞ്ഞതു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പോസ്റ്റ് ശിപായി നേരിട്ടാണ് കൊടുക്കുന്നതെന്നു പറഞ്ഞു എന്നാൽ. രോഗികളെ കാണണമെങ്കിൽ അനുവാദം മേടിച്ചിട്ടുവേണ്ടേ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: പോസ്റ്റൽ ശിപായിക്ക അതിനുള്ള അനുവാദം കൊടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തപാൽ ശിപായിക്ക് രോഗികളെ അറിയുവാൻ കഴിയുമോ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അതിനു വിഷമമുണ്ടോ? ചോദിച്ചാൽ അവിടെയുള്ളവർ പറഞ്ഞുകൊടുക്കുകയില്ലെ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കത്തുകൾ പെട്ടിയിൽ ആശുപത്രിക്ക കൊടുക്കുന്നവെന്നു പറഞ്ഞു. ആ പെട്ടി തുറന്നു എഴുത്തുകൾ കൊടുക്കുന്നതാരാണ്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: സൂപ്രണ്ടാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എഴുത്തുകൾ പൊളിച്ചിട്ടാണൊ കൊടുക്കുന്നത്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സാധാരണ എഴുത്തുകൾ പുറത്തേക്കയക്കുമ്പോൾ അതു് ആസ്പത്രി അധികാരികൾ പൊളിച്ചു വായിച്ചിട്ടല്ലെ അയയ്ക്കുന്നതു്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുറത്തേക്കയക്കാനുള്ള എഴുത്തുകൾ രോഗികൾ നേരിട്ടാണൊ അയയ്ക്കുന്നതു്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: രോഗികളിൽനിന്നു കളക്റ്റ് ചെയ്ത ഒന്നിച്ചു അഞ്ചൽ ആഫീസിലേയ്ക്ക അയയ്ക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആരുടെ കയ്യിലാണ് കൊടുത്തയയ്ക്കുന്നതു്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ശിപായിയുടെ കയ്യിൽ കൊടുത്തയയ്ക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എഴുത്തുകൾ ആഫീസിൽ ഏല്പിയ്ക്കണമെന്നുണ്ടോ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ഏല്പിക്കണമെന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അപ്പോൾ ആഫീസ്സിലുള്ളവർ പൊളിച്ചു നോക്കുകയില്ലേ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ഇല്ല. അവരതു അഞ്ചലാപ്പീസ്സിലേക്ക കൊടുത്തയക്കും. That is the present arrangement.

മിസ്റ്റർ പി. നാരായണമേനോൻ: ഈ ഉത്തരം പറഞ്ഞിട്ടുള്ളതിൽ "ആസ്പത്രി അധികാരികളുടെ അടുത്തുണ്ടായ ഒരാക്ഷേപം" എന്നു പറഞ്ഞുകാണുന്നതു് ഏതു് ആശുപത്രിയാണ്?

Rao Sahib C. J. Mathew *(Secretary to Government)*: Leper Hospital.

മിസ്റ്റർ പി. നാരായണമേനോൻ: എന്തായിരുന്നു ആക്ഷേപം?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ആക്ഷേപം എന്താണെന്നു പറയുന്നില്ല. അവക്കെന്തൊ ഒരാക്ഷേപമുണ്ടായിരുന്നു. അതു അന്വേഷണം ചെയ്ത അവിടെതന്നെ അവസാനിപ്പിച്ചുവെന്നാണ് അറിയുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ അന്വേഷണം നടത്തിയ ജാക്കൈറ്റ് പ്രീസ്റ്റ് ആരാണ്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ആരാണെന്നു് ഞാൻ അറിയുക ഇല്ല. ഈ ആശുപത്രി നടത്തുന്നതു് സാൽവേഷൻ ആർമിക്കാരാണ്. അവർ നിശ്ചയിച്ച ആളാണ് അദ്ദേഹം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തപാൽ ശിപായിക്ക് മണിഓർഡർ നേരിട്ട രോഗികൾക്ക് കൊടുക്കാമെങ്കിൽ പിന്നെ ഈ അഞ്ചൽ ശിപായിക്കും നേരിട്ട കൊടുത്തുകൂടെ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അഞ്ചൽ ഡിപ്പാർട്ടുമെണ്ടും സൂപ്രണ്ടും കൂടി ചെയ്ത അറേഞ്ചുമെൻറ് അനുസരിച്ചാണ് അഞ്ചൽ ശിപായി നേരിട്ട് കൊടുക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മണിഓർഡർ ആഫീസ്സിൽ വാങ്ങിച്ചു സൂക്ഷക്കേടുകൾ കൊടുക്കുമെന്നു പറഞ്ഞല്ലൊ. അതു് ആപ്പീസ്സുകാരല്ലെ കൊടുക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ്ബ് സി. ജെ. മാത്യു: അല്ല. സുഖക്കേടുകാരനെ ആഫീസ്സിൽ വരുത്തി സൂപ്രണ്ടിന്റെ മുമ്പിൽനിറുത്തി ശിപായി നേരിട്ടതന്നെ കൊടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എഴുത്തുകൾ കിട്ടിയിട്ടില്ലെന്ന ആക്ഷേപത്തിന്റെ കാരണം രോഗികൾ അയയ്ക്കുന്ന എഴുത്തുകളിൽ അവർക്ക് ദോഷകരമായിട്ടുള്ള സംഗതിയുള്ളവ ആശുപത്രിക്കാർ കൊടുക്കാത്തതുകൊണ്ടല്ലെ ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ഇവിടെ അങ്ങിനെയൊക്ഷേപം കിട്ടീട്ടില്ല.

മിസ്റ്റർ കെ. എസ്സ് പണിക്കർ: അവർ അങ്ങിനെ ആക്ഷേപം പറയുന്നുണ്ടല്ലൊ ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോൾ അറിയുന്നുവെന്നല്ലാതെ ഇവിടെ അവരിൽനിന്നു യാതൊരാക്ഷേപവും കിട്ടീട്ടില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ രോഗികൾക്ക് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അതെങ്ങിനെ അറിയിക്കുവാൻ കഴിയും ? അവക്കതിനുള്ള സൌകര്യം വല്ലതുമുണ്ടൊ ?

റാവു സാഹിബ്ബ് സി. ജെ. മാത്യു : അവിടെ ഓണററി വിസിറ്റർമാരുണ്ട്, അവരോട് പറയാൻ കഴിയും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ ഓണററി വിസിറ്റേഴ്സ് കൊല്ലത്തിൽ എത്ര തവണ വിസിറ്റു ചെയ്യും ?

റാവു സാഹിബ്ബ് സി. ജെ മാത്യു: മാസത്തിൽ ഒരിക്കൽ അവർ വിസിറ്റ് ചെയ്യുന്നുണ്ട്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ ഓണററി വിസിറ്റേഴ്സിന്റെകൂടെ സൂപ്രണ്ടും ഉണ്ടായിരിക്കുകയില്ലെ ?

റാവു സാഹിബ്ബ് സി. ജെ മാത്യു: ഉണ്ടായിരിക്കും.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അപ്പോൾ രോഗികൾക്ക ആക്ഷേപം പറയാൻ സാധിക്കുമോ ?

റാവു സാഹിബ്ബ് സി. ജെ. മാത്യു : സൂപ്രണ്ടു യൂറോപ്യനാണ്, അദ്ദേഹത്തിനു മലയാളം അറിഞ്ഞുകൂടാ. അപ്പോൾ രോഗികൾക്ക അവരുടെ ആക്ഷേപം പറയാൻ തടസ്സമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മണിഓർഡർ കിട്ടീട്ടില്ല; എഴുത്തും കിട്ടിട്ടില്ല എന്നും മറ്റുമുള്ള ആക്ഷേപം അവിടെനിന്നു ചാടിപ്പോന്ന ആളുകൾ ഇവിടെവന്നു പറഞ്ഞിട്ടില്ലെ ?

റാവു സാഹിബ്ബ് സി. ജെ. മാത്യു : കുറച്ചാളുകൾ അവിടെനിന്നു ഇവിടെ വരികയുണ്ടായി. പോല്ലീസുകാർ ഇവിടെനിന്നു തിരിയെ അവിടെ കൊണ്ടുചെന്നാക്കുകയും ചെയ്തു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവർ അവിടെനിന്നു പോരാൻ എന്താണു കാരണം?

റാവു സാഹിബ്ബ് സി. ജെ. മാത്യു: കാരണം, അവിടെ ഒരു മേട്രൺ ഉണ്ടു. അവർ ഇഞ്ചക്ഷൻ ചെയ്യുന്നതു അവക്കു ഇഷ്ടമായി തോന്നുന്നില്ല. അതുകൊണ്ടു ഗുണമില്ല എന്നൊക്കെയാണു അവരുടെ പരാതി.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അവിടെ സൂപ്രണ്ടെന്നു ഒരു യൂറോപ്യനാണെന്നു പറഞ്ഞല്ലൊ; അദ്ദേഹം വന്നിട്ടു എത്രകൊല്ലമായി?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അറിഞ്ഞുകൂടാ.

മിസ്റ്റർ പി. നാരായണമേനോൻ: ഈ രോഗികളുടെ കാര്യത്തെക്കുറിച്ചു വല്ലതും അന്വേഷിച്ചിട്ടുണ്ടൊ?

റാവു സാഹിബ്ബ് സി. ജെ. മാത്യു അന്വേഷിച്ചിട്ടുണ്ടു.

മിസ്റ്റർ പി. നാരായണമേനോൻ: അതിന്റെ ഫലം എന്താണു?

റാവു സാഹിബ്ബ് സി. ജെ. മാത്യു അതിന്റെ റിപ്പോർട്ട് മുഴുവൻ വന്നിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്നാണു ഈ ഓണററി വിസിറ്റേഴ്സ് വിസിറ്റു ചെയ്തിട്ടുള്ളതു?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ സപ്ലഡെണ്ടു് സാധിനം മലയാളം അറിയാൻ പാടില്ലെന്നു് പറയുവാൻ കഴിയുമോ?

റാവു സാഹിബു് സി. ജെ. മാത്യു: മലയാളം അറിയാൻ പാടില്ലെന്നാണു് എന്റെ അറിവു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ രോഗികൾക്കു അവരുടെ പരാതികൾ ഗവമ്മെണ്ടിനെ അറിയിക്കുവാൻ വല്ല കഴിവുമുണ്ടോ?

റാവു സാഹിബു് സി. ജെ. മാത്യു: അവക്കു എഴുതി അറിയിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവർ അങ്ങിനെ എഴുതിഅറിയിക്കുന്നതിനു് ശ്രമിച്ചാൽ ആശുപത്രിയിലെ അധികാരികൾ അതു തുറന്നു നോക്കുകയില്ലെ?

റാവു സാഹിബു് സി. ജെ. മാത്യു: ഇല്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവക്കു മേലധികാരികൾ കാണാത്തതരത്തിൽ അവരുടെ ആക്ഷേപങ്ങൾ അറിയിക്കുന്നതിനു് വേറെ വല്ല വഴിയുമുണ്ടോ?

റാവു സാഹിബു് സി. ജെ. മാത്യു: ഇല്ല.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: സിക്രട്ടറിക്കും ദിവാൻജിക്കും മറ്റും അഡ്രസ്സുചെയ്തിട്ടുള്ള കവറുകൾ കാണുമ്പോൾ അധികാരികൾ തുറന്നു നോക്കുകയില്ലേ?

റാവു സാഹിബു് സി. ജെ. മാത്യു: ഇല്ലെന്നാണു് പറയുന്നതു്.

മിസ്റ്റർ ജോസു് കെ. വട്ടിസ്സു്: അവിടെ ഒരു Complaint book വെയ്ക്കരുതെ?

റാവു സാഹിബു് സി. ജെ. മാത്യു: അങ്ങിനെ ഒരു ബുക്കു ഉണ്ടായിരുന്നുവെന്നാണറിയുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഓണററി വിസിറേഴ്സു അവിടെ ചെന്നാൽ അവക്കു ആപ്പീസ്സിൽ മാത്രമല്ലെപോകാൻ സാധിക്കുകയുള്ളു?

റാവുസാഹിബു് സി. ജെ. മാത്യു: അല്ല. ആശുപത്രിയിൽ എല്ലാസ്ഥലത്തും അവക്കു പോകുന്നതിനു് സ്വാതന്ത്ര്യമുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അവർ വല്ല ആക്ഷേപവും അറിയിച്ചിട്ടുണ്ടോ?

റാവു സാഹിബു് സി. ജെ. മാത്യു: ഇല്ല.

ചൌധരി ജി. എസ്സു്. ധാരാസിംഗു്: ഇതിന്റെ വാസ്തവസ്ഥിതികളെകുറിച്ചുനോക്കുവാൻ ഈ കൌൺസിലിൽനിന്നു് ഒരു കമ്മിറ്റിയെ അയയ്ക്കരുതേ?

റാവു സാഹിബു് സി. ജെ. മാത്യു: അതിനു ഞങ്ങൾ അയക്കണമെന്നില്ല. ഈ കൌൺസിലിലെ ഏതു മെമ്പർക്കും പോയി അന്വേഷിക്കാവുന്നതാണു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ ഓണററി വിസിറർമാരുടെ കൂട്ടത്തിൽ ഈ കൌൺസിലിലെ ഏതെങ്കിലും മെമ്പർമാരുണ്ടോ?

റാവുസാഹിബു് സി. ജെ. മാത്യു: ഉണ്ടു്.

Mr. C. R. Iyyunni *(Nellayi)*: You are simply begging the question.

മിസ്റ്റർ കെ. ടി. അച്യുതൻ: ഞാൻ ഒരു വിസിറർ ആണു്. എന്റെ അടുക്കൽ ആരും പരാതി പറഞ്ഞിട്ടില്ല.

LEPER HOSPITAL, ADOOR

249. മിസ്റ്റർ കെ. എസ്സു്. പണിക്കർ:—താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സഭയം മറുപടി പറയുമോ.—

(എ) അഡൂർ കുഷ്ഠരോഗാസ്പത്രിയിൽ ഇപ്പോൾ ആകെ എത്ര രോഗികൾ ഉണ്ടു്; അവരിൽ പുരുഷന്മാർ എത്ര, സ്ത്രീകൾ എത്ര;

(ബി) അവരിൽ എത്രപേക്കാണു് ഗവമ്മെണ്ടിൽനിന്നു് ഭക്ഷണം മുതലായവയ്ക്കു ചിലവു കൊടുക്കുന്നതു്;

(സി) രോഗികളുടേയൊ അവരുടെ വീട്ടുകാരുടേയൊ ബന്ധുക്കളുടേയൊ ചിലവിന്മേൽ അവിടെ ചികിത്സക്കു വന്നുചേർന്നിട്ടുള്ള രോഗികൾ ഇപ്പോൾ ആകെ എത്രയുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly